പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2710 — 19. 7.11 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പരിസ്ഥിതി പഠനം

**ചോദ്യം**

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. വർക്കല കഹാർ
ശ്രീ.എം.എ. വാഹീദ്
ശ്രീ.പി.സി.വിഷ്ണുനാഥ്

**മറുപടി**

ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രോജക്ട് സ്പെസിഫിക് അംഗീകാരം ലഭിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ | ലഭിച്ചു. പ്രോജക്ട് സ്പെസിഫിക് ടി.ഒ.ആർ 31/5/2011 ന് ലഭിക്കുകയും, പരിസ്ഥിതി പഠനത്തിനുള്ള സൈറ്റ് സ്പെസിഫിക് ടി.ഒ.ആർ-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം 2011 ജൂൺ 23, 24 തീയതികളിൽ നടന്ന യോഗത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ പരിസ്ഥിതി പഠനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഏത് ഏജൻസിയാണ് ഇത് നിർവ്വഹിക്കുന്നത് ; | ബി) | കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച Form I & ToR പ്രകാരം പഠനം നടന്നുകൊണ്ടിരിക്കുന്നു. L&T Ramboll എന്ന ഏജൻസിയാണ് പ്രസ്തുത പഠനം നിർവ്വഹിക്കുന്നത്. |
| സി | വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ ? | സി | 1. തുറമുഖ പദ്ധതി 2015 നു മുൻപ് യാഥാർത്ഥ്യമാക്കുന്നതിന് ഭൂമിയുടെ ഉപയോഗിക്കുന്ന മാതൃകയടക്കം വിശദീകരിക്കുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2. തുറമുഖത്തെ ബന്ധിപ്പിക്കുന്ന റോഡ്, ട്രക്ക് ടെർമിനൽ, ബാക്കപ്പ് ഏരിയ, റെയിൽ കണക്റ്റിവിറ്റി എന്നിവയടക്കം 120 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ 2011-12 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. പാരിസ്ഥിതിക പഠനം പൂർത്തീകരിക്കപ്പെടുകയും പാരിസ്ഥിതികാനുമതി കാലതാമസം കൂടാതെ ലഭ്യമാവുകയും ചെയ്താൽ ഇ.പി.സി സംബന്ധമായ പ്രവർത്തനങ്ങൾ താമസിയാതെ ആരംഭി |

| | | | |
|---|---|---|---|
| | | | ക്കാൻ കഴിയും. ഇത് 2012 കാലയളവിനുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>4. BOT അടിസ്ഥാനത്തിൽ പോർട്ട് ഓപ്പറേറ്ററെ കണ്ടെത്താനുള്ള ടെണ്ടർ നടപടി 2011 ആഗസ്റ്റിനുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. സുതാര്യമായ തെരഞ്ഞെടുപ്പു പ്രക്രിയ യിലൂടെ. ഇ.പി.സി. കരാറുകാരനെ 2012 ഏപ്രിൽ അവസാനത്തോടെ തെരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>6. തുറമുഖ നിർമ്മാണത്തിനാവശ്യമായ ജല വൈദ്യുത ലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>7. പോർട്ട് റോഡ് നിർമ്മാണത്തിന് എൻ.എച്ച്.എ.ഐ-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാനും, റോഡ് കണക്ടിവിറ്റി ഉറപ്പാക്കുവാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>8. കുറഞ്ഞ പലിശ നിരക്കിൽ ബഹുമുഖ ധനസമാഹരണം നടത്തുവാനും, നിർമ്മാണ വേളയിൽ അത് ഉറപ്പാക്കുവാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>9. പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ, റിപ്പോർട്ടുകൾ, പഠനങ്ങൾ, ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയവ പ്രസിദ്ധപ്പെടുത്തി നടത്തിപ്പിനു സുതാര്യത ഉറപ്പാക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br>10. പ്രൊഫഷണലായ ഒരു ടീമിന് രൂപം നൽകി തുറമുഖ കമ്പനി ശക്തമാക്കുവാനും, പ്രോജക്ട് മുന്നോട്ടു കൊണ്ടുപോകുവാനുമുള്ള നടപടികൾ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ